Draft #10 of File 66596/ELECTION SECTION-1/2026/Election Approved by REGISTRAR (i/c) on 19-Nov-2026 12:40 PM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

നം.66596/ELECTION SECTION-1/2026/Election തീയതി: 19.11.2026

വിജ്ഞാപനം

വിഷയം: മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ-ജനറൽ കൗൺസിൽ 2025-2026 പുനഃസംഘടിപ്പിക്കുന്നത് - സംബന്ധിച്ച്:-

സൂചന:1.സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-സ്റ്റുഡൻ്റ്സ് വെൽഫെയർ & ഗ്രീവൻസ് യോഗ മിനിറ്റ്സ് ഇനം നമ്പർ 66596/ELECTION SECTION-1/2026/Election തീയതി 10.11.2026.

2.സർവ്വകലാശാലാ ആക്ട്ട് 1985 അദ്ധ്യായം 3.10(17) ൽ നൽകുന്ന അധികാരം ഉപയോഗിച്ച് ബഹു.വൈസ് ചാൻസലറുടെ 16.11.2026 ലെ ഉത്തരവ്.

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച 19.02.2022 ലെ സർവ്വകലാശാല റഗുലേഷൻ പാർട്ട് B, 1 പ്രകാരം, സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകൾ, സർവ്വകലാശാല പഠന വകുപ്പുകൾ എന്നിവയിൽ നിന്നും 2025 അദ്ധ്യയന വർഷത്തിൽ സർവ്വകലാശാലാ യൂണിയൻ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട്, 2025-2026 കാലഘട്ടത്തിലെ സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിനും, പ്രൊഫോർമകൾ നാളിതുവരെ സമർപ്പിക്കാത്ത വിദ്യാർത്ഥിപ്രതിനിധികൾ നിശ്ചിത സമയ പരിധിക്കകം ആയത് സമർപ്പിക്കുന്ന പക്ഷം അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജനറൽ കൗൺസിൽ വിപുലീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു, ടി ശിപാർശ പരാമർശം (2) പ്രകാരം ബഹുഃ വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

ജനറൽ കൗൺസിൽ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി ഈ വിജ്ഞാപന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ അടുത്ത ജനറൽ കൗൺസിൽ പുനഃസംഘടന, ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയായിരിക്കും. ജനറൽ കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ പ്രാഥമിക പട്ടികയിൽ ഭേദഗതികൾ വേണ്ടപക്ഷം, സർവ്വകലാശാലാ യൂണിയൻ 2025-2026 തെരഞ്ഞെടുപ്പ് വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കകം പരാതികൾ സർവ്വകലാശാലാ രജിസ്ട്രാറേയോ/ വരണാധികാരിയെയോ രേഖാമൂലം അറിയിക്കാവുന്നതാണ്.

ഡോ. ബിനു ജോർജ് വർഗ്ഗീസ്
രജിസ്ട്രാർ (i/c)

പകർപ്പ്:

1. വൈസ് ചാൻസലറുടെ പി.എസ്.
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ
3. DSW/പി.ആർ.ഒ.
4. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

The document is digitally approved. Hence signature is not needed.